**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യ മേഖലയിലെ വനിതകളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ കെ ആൻസലൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലകളിലും തൊഴിൽ ചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലകളിലും തൊഴിൽചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ ഏജൻസികൾ മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. I) കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് a) മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ് b) മത്സ്യബന്ധന സമയത്തൊ തൊട്ടുപിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം c) വിവാഹ ധനസാഹയ പദ്ധതി d) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം e) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം f) കുടുംബ സംവിധാന പദ്ധതി g) മാരകരോഗ ചികിത്സാ പദ്ധതി h) ചെയർമാൻസ് റിലീഫ് ഫണ്ട്. i) പ്രസവ ശുശ്രൂഷകൾക്കുള്ള ധനസഹായ പദ്ധതി j) അപകടം മൂലമുണ്ടാകുന്ന താത്ക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി k) മത്സ്യ ബോർഡിന്റെ പ്രത്യേക ധനസഹായം II മത്സ്യഫെഡ് a) ടേം വായ്പകൾ b) മൈക്രോ ഫിനാൻസ് പദ്ധതി c) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യകച്ചവടത്തിന് പലിശ രഹിത വായ്പ. d) വായ്പാ ദുരിതാശ്വാസ പദ്ധതി III സാഫ് (സൊസൈറ്റി ഫോർ അസിസ്റ്ററൻസ് ടു ഫിഷർ വുമൺ) a) മത്സ്യവിപണനം നടത്തുന്ന സ്ത്രീകളായ അനുബന്ധത്തൊഴിലാളികൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ടും സാമ്പത്തിക സഹായവും b) ഹൈജിനിക് |

| | | | |
|---|---|---|---|
| | | | റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിങ് കിയോസ്കുകൾ IV. ഫിഷറീസ് വകുപ്പ് മുഖേന വനിത മത്സ്യവിപണനത്തൊഴിലാളികൾക്ക് യാത്രാ സൗകര്യം ഒരുക്കാൻ സമുദ്ര പദ്ധതി. |
| (ബി) | കോവിഡ് മൂലമുണ്ടായിട്ടുള്ള തൊഴിൽ പ്രതിസന്ധിയുടെ സാഹചര്യത്തിൽ മത്സ്യവിപണന രംഗത്തേയ്ക്ക് പുതുതായി കൂടുതൽ സ്ത്രീകൾ കടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ സുരക്ഷയുറപ്പാക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾനേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന 350 JLG കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലായി JLG project for Ensuring Livelihood Security of Fisherwomen in Kerala 2.39 കോടി രൂപയുടെ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി. 5 പേരടങ്ങുന്ന JLG യ്ക്ക് 50000/-രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽസാഫ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 300 JLG കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി JLG project for Ensuring Livelihood Security of Fisherwomen in Kerala 3.30 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. 5 പേരടങ്ങുന്ന JLG യ്ക്ക് 50000/- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതാണ്. മത്സ്യത്തൊഴിലാളി വനിതകൾക്ക് ഫിഷറീസ് വകുപ്പ് സി.ഐ.എഫ്.ടി.യുമായി ചേർന്ന് CIFT മുഖേന നിർമ്മിച്ച 20 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽഫിഷ് വെന്റിംഗ് കിയോസ്കുകൾനൽകുന്ന പദ്ധതിയിൽ 16 കിയോസ്കുകൾനിലവിൽനൽകി കഴിഞ്ഞു. കൊച്ചിൻഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽഫിഷ് വെന്റിംഗ് കിയോസ്കുകൾവിതരണം ചെയ്യുന്നതാണ്. മത്സ്യവിപണനത്തിനായി പോകുന്ന വനിത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതവും ലാഭകരവുമായി യാത്ര ചെയ്യുന്നതിന് കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും |

| | | | |
|---|---|---|---|
| | | | ഫിഷറീസ് വകുപ്പുമായി സംയോജിച്ച് "സമുദ്ര" എന്ന പേരിൽ മൂന്ന് KSRTC ബസ് സർവ്വീസുകൾ തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ